

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പന്മന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa klm //p2/ 1431 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 08/09/2023
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്മന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്മന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്മന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa klm //p2/ 1431 /2023 തീയ്യതി: 08/09/2023

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-08-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അനിൽ കുമാർ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	10-07-2023	20-07-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-07-2023	20-07-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. ശ്രീജ.എസ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിവ്യ.ജെ, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഹർഷ.എൽ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷാമി.എം	പ്രസിഡന്റ്	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.മേരിലത.ജെ.	സെക്രട്ടറി	01-04-2022	12-01-2023
ശ്രീ.സി.പി വിൻസെന്റ്	സെക്രട്ടറി	13-01-2023	31-03-2023
ശ്രീ.അരുൺ എം.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി.സ്വപ്ന കുമാരി	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീ.അശോകൻ എസ്	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2022	14-12-2022
ശ്രീമതി നിത്യ.എസ്	ഫിഷറീസ് ഇൻസ്പെക്ടർ	15-12-2022	31-03-2023
ശ്രീ.അനീസ് മുഹമ്മദ്	ഹെഡ്മാസ്റ്റർ	01-04-2022	31-03-2023
ഡോ. ജോൺ ലാലി	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി.രശ്മി ജയരാജ്	കൃഷി ഓഫീസർ	01-04-2022	23-05-2022
ശ്രീമതി.നസിയ ഷരീഫ്	കൃഷി ഓഫീസർ	23-05-2022	14-02-2023
ശ്രീ.ബിനോയ്.കെ.വി	കൃഷി ഓഫീസർ	14-02-2023	31-03-2023
ശ്രീ.രവിവർമ്മകുമാർ എം.പി	അസി.സെക്രട്ടറി	01-04-2022	26-10-2022
വേക്കന്റ്	അസി.സെക്രട്ടറി	27-10-2022	03-11-2022
ശ്രീമതി ജയലക്ഷ്മി എൽ	അസി.സെക്രട്ടറി	04-11-2022	31-03-2023
ഡോ.നിത്യമോൾ എസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	14-06-2022
ഡോ.ജിഷ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	14-06-2022	31-03-2023
ഡോ.രശ്മി.റ്റി.എൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2022	31-03-2023

ഡോ.സോണിയ.വി.എസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
ശ്രീമതി ഫൗസിയ എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീമതി.വൃന്ദാകുമാരി കെ.കെ	വി.ഇ.ഒ.	01-04-2022	09-08-2022
ശ്രീ.വിശാൽ രാജ്.ആർ	വി.ഇ.ഒ.	10-08-2022	31-03-2023
ശ്രീമതി.സ്മൃതി ഗോപാലകൃഷ്ണൻ	വി.ഇ.ഒ.	01-04-2022	31-03-2023
ശ്രീ.പത്മകുമാർ	വി.ഇ.ഒ.	01-04-2022	31-03-2023
ശ്രീ.സക്കീർ ഹുസൈൻ	അക്രഡിറ്റഡ് എഞ്ചിനീയർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സാക്ഷ്യപത്രം	1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	വികസന ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.	1-1-3
5	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും Web Saankhya ACR പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.	1-1-4
6	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല.	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
9	ഫണ്ട് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10

16	ഇ-പെയ്മെന്റ് അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ ക്രെഡിറ്റ് ആകാൻ അവശേഷിക്കുന്നു.	1-11
17	തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.	1-12
18	മൊബൈൽ ടവർ വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.	1-13
19	ഹോമിയോ മരുന്നുകൾ ലഭിച്ചില്ല.	1-14
20	കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 5,27,086/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചില്ല.	1-15
21	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-16
22	കിണർ നിർമ്മാണം - അർഹമായതിൽ അധികം സബ്സിഡി നൽകി. ഓഡിറ്റ് എൻകവയറിയെ തുടർന്ന് തിരിച്ചടച്ചു.	1-17
23	പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.	1-18
24	അനുവദനീയമല്ലാതെ ടെൻഡർ എക്സസ് നൽകിയത് തിരിച്ചടച്ചു.	1-19
25	ഓഡിറ്റ് നിർദേശാനുസരണം ഫൈൻ ഒടുക്കു വരുത്തി - 33,486/-രൂപ	1-20
26	രേഖകളുടെ അഭാവത്തിൽ നഷ്ട പരിഹാരം ലഭ്യമായില്ല.	1-21
27	പട്ടിക ജാതി വനിതകൾക്ക് ശിങ്കാരി മേളം പരിശീലനം, ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് - ഗുണഭോക്തൃ വിഹിതം വിനിയോഗിക്കാതെ വികസനഫണ്ട് എസ്.സി.പിയിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചു.	1-22
28	വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രോജക്ട് മുൻകൂർ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല.	1-23
29	ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല - ആർ.ആർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-24
30	അശാസ്ത്രീയമായ ഓട നിർമ്മാണം - 9,99,640/-രൂപ പാഴ് ചെലവ്.	1-25
31	തൊഴിലുറപ്പ് പദ്ധതി - അവലോകനം	1-26
32	ടെൻഡർ ഫോം വില ലഭ്യമായില്ല.	1-27
33	ലഭ്യമായ വസ്തുവകകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല.	1-28

34	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 1,35,828/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-29
35	കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാൻ ബാക്കിയുള്ള 2,37,275/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-30
36	നെൽകൃഷി വികസന പദ്ധതി - നെൽ വിത്ത് വിതരണത്തിൽ ഒതുങ്ങി.	1-31
37	വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ - മാർഗ്ഗരേഖ പാലിച്ചില്ല.	1-32
38	നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചില്ല.	1-33
39	ഹരിത കർമ്മസേന പ്രവർത്തന അവലോകനം	1-34
40	തനത് വരുമാനം - അവലോകനം	1-35

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/ സർചാർജ് നടപടികളുടെ വിവരം	4-9

10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ് വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പന്മന ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 20-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 30-6-23 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൌണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള

അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്മന ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ = 94,22,773/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a - 40b) -= 1,16,01,764/-

വ്യത്യാസം = 21,78,991/-

1-1-3 വികസന ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 ൽ വികസന ഫണ്ടിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ നിന്നും

ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവിനത്തിൽ 25,67,987/- രൂപയുടെ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

സീരിയൽ നമ്പർ	ബിൽ നമ്പർ/തീയതി	പ്രോജക്ട് നമ്പർ	തുക(രൂപ)
1	14/10-5-22	14	820138/-
2	586/28-3-23	79	8597/-
3	612/29-3-23	155	57000/-
4	613/29-3-23	155	3000/-
5	614/29-3-23	155	450/-
6	630/30-3-23	155	8550/-
7	631/30-3-23	106	8960/-
8	634/31-3-23	132	60000/-
9	633/31-3-23	132	60000/-
10	638/31-3-23	132	90000/-
11	636/31-3-23	132	60000/-
12	637/31-3-23	132	180000/-
13	632/31-3-23	113	68337/-
14	635/31-3-23	88	66861/-
15	640/31-3-23	113	103830/-
16	641/31-3-23	113	73239/-
17	644/31-3-23	113	84351/-
18	629/30-3-23	132	30000/-
19	643/31-3-23	113	87662/-
20	642/31-3-23	113	93592/-
21	639/31-3-23	115	520260/-
22	649/31-3-23	130	83160/-
		ആകെ	**2567987/-**

1-1-4 സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും Web Saankhya ACR പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

മെയിന്റനൻസ് ഫണ്ട് (റോഡ്) എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.
എ.സി.ആർ പ്രകാരമുള്ള ചെലവ് - 1,09,48,634/-രൂപ
സുലേഖ പ്രകാരമുള്ള ചെലവ് – 1,07,97,031/-രൂപ
വ്യത്യാസം - 1,51,603/-രൂപ
പ്രോജക്ട് 40/23 പ്രകാരമുള്ള 1,51,603/-രൂപയുടെ ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല.

ഗുണഭോക്തൃ വിഹിതമിനത്തിൽ B4 ഷെഡ്യൂളിൽ ഉൾപ്പെട്ട 8,91,367/-രൂപയിൽ 3,96,601/-രൂപ, ഏത് പദ്ധതിയ്ക്ക് വേണ്ടി എന്ന് പിരിച്ചെടുത്തതാണെന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല.

1-2 ബജറ്റ്

26/3/2022 ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 22/03/2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	3,15,76,642/-
വരവ്	10,98,30,338/-
ആകെ	14,14,06,980/-
ചെലവ്	9,82,28,574/-
നീക്കിയിരിപ്പ്	4,31,78,406/-
വരവ് നഷ്ടം	-
ചെലവ് നഷ്ടം	-

തടസ്സപ്പെടുത്തിയ തുക	24,54,935/-

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടുകളുടെ ട്രഷറി അക്കൗണ്ടിൽ വന്ന വരവ്, ചെലവ് എന്നിവ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ് (രൂപ)	ആകെ (രൂപ)	ചെലവ് (രൂപ)	നീക്കിയിരിപ്പ്/ (ലാപ്സായ തുക) (രൂപ)	കുറിപ്പ്
വികസനഫണ്ട് (ജനറൽ)	0	3,16,23,000/-	3,16,23,000/-	2,90,53,849/-	25,69,151/-	-
വികസനഫണ്ട് (എസ്.സി.പി)	0	1,31,21,000/-	1,31,21,000/-	1,18,11,175/-	13,09,825/-	-
വികസനഫണ്ട് (റ്റി. എസ്.പി)	0	0	0	0	0	-
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	1,46,41,000/-	1,46,41,000/-	1,09,48,634/-	36,92,366/-	-
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	1,02,74,000/-	1,02,74,000/-	98,50,006/-	4,23,994/-	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി	0	1,03,33,356/-	1,03,33,356/-	16,17,619/-	87,15,737/-	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി	0	39,48,757/-	39,48,757/-	29,56,756/-	9,92,001/-	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക്	64,26,335/-	82,71,000/-	1,46,97,335/-	46,15,342/-	1,00,81,993/-	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക്	20,35,526/-	58,40,994/-	78,76,520/-	67,36,643/-	11,39,877/-	
കേന്ദ്രാവിഷ്കൃത ഗ്രാന്റ്						

MGNREGS	344/-	10,92,694/-	1093038/-	3,89,987/-	7,03,051/-	
ശുചിത്വമിഷൻ	32,09,356/-	2,30,000/-	34,39,356/-	25,10,688/-	9,28,668/-	
ICDS - സെൻട്രൽ ഷെയർ	10,65,186/-	42,40,238	53,05,424/-	20,00,000/-	33,05,424/-	
സർവ ശിക്ഷ അഭിയാൻ	62,000/-	0	62,000/-	0	62,000/-	
സമ്പൂർണ്ണ ശുചിത്വം	25,000/-	0	25,000/-	0	25,000/-	
പി.എച്ച്. സി.ഇൻഫ്രാസ്ട്രക്ച്ചർ	0	5,70,632/-	5,70,632/-	0	5,70,632/-	
സബ്സെന്ററർ	0	3,49,876/-	3,49,876/-	0	3,49,876/-	
സംസ്ഥാനാവിഷ്കൃത ഗ്രാന്റ്						
ബേബി ഫ്രണ്ട്ട് ലി ടോയിലെറ്റ്	4,60,000/-	34,00,000/-	38,60,000/-	29,40,000/-	9,20,000/-	
ഖരമാലിന്യ സംസ്കരണം	2,06,175/-	0	2,06,175 /-	0	2,06,175 /-	
ജലനിധി	35,51,087/-	96,855/-	36,47,942/-	0	36,47,942/-	
കാവ് പുനരുദ്ധാരണം	4,63,100/-	13,94,980/-	18,58,080/-	13,94,980/-	4,63,100/-	
മാതൃ ശിശു വികസന ഡിപ്പാർട്ട്മെന്റ് ഫണ്ട്	93,000/-	0	93,000/-	93,000/-	0	
ഡൊണേഷൻസ് (CMDRF)	20,450/-	0	20,450/-	0	20,450/-	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
220	363049114/-	152	116747270/-	0	68	69.09%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ	344/-	1092694/-	1093038/-	389987/-	703051/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	79590861/-	79590861/-	79590861/-	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെപേര്	ചെലവഴിച്ചതുക(രൂപ)	ഗുണഭോക്താക്കളുടെഎണ്ണം
തൊഴിൽരഹിതവേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	3440600/-	2247
വിധവാപെൻഷൻ	19493500/-	12825
വാർദ്ധക്യകാലപെൻഷൻ	36373500/-	25036
വികലാംഗപെൻഷൻ	7599400/-	4895
50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	462400/-	290
സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	390000/-	13

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2023 ന് 2.30 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,820/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് മേൽനോട്ട ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൌച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് അന്തിമമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികൾ ഒഴികെയുള്ള പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന് രേഖയില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രാപ്തമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ ആവശ്യകതയും പ്രായോഗികതയും വേണ്ടവിധം വിലയിരുത്തിയതായി കാണുന്നു. പല പ്രവൃത്തികളും, പൊതുജനങ്ങളുടെ എതിർപ്പുമൂലം വൈകുന്നതിനു കാരണമാകുന്നു. ഓട നിർമ്മാണം പോലുള്ള പ്രവൃത്തിക്കു പ്രദേശത്തിന്റെ സവിശേഷത വിലയിരുത്താതെ എസ്റ്റേമറ്റ് തയ്യാറാക്കിയതു മൂലം,

ഓട നിർമ്മാണം വെള്ളക്കെട്ടുണ്ടാക്കുന്ന പദ്ധതിയായി മാറി (ഖ 1-25). അസി. സെക്രട്ടറി നടപ്പിലാക്കിയ വിദ്യാർത്ഥികൾക്ക് മേശയും കസേരയും എന്ന പദ്ധതി സ്കൂളുകൾ വഴി നടപ്പിലാക്കിയില്ല. അസി. സെക്രട്ടറി, ഫിഷറീസ് ഓഫീസർ എന്നിവർ നടപ്പിലാക്കേണ്ട വാട്ടർ ടാങ്ക് വിതരണ പദ്ധതി, ഗുണഭോക്തൃ വിഹിതം ശേഖരിച്ചിട്ടും, കരാറുകാരൻ സമയബന്ധിതമായി വാട്ടർ ടാങ്ക് വിതരണം ചെയ്യാത്തതിനാൽ പദ്ധതി നടപ്പിലായില്ല. എന്നിട്ടും കരാറുകാരനെതിരെ നിയമ നടപടി സ്വീകരിച്ചില്ല. വാടകയ്ക്കു പ്രവൃത്തിക്കുന്ന അംഗൻവാടി കെട്ടിടങ്ങൾക്ക് കെട്ടിടനിർമ്മാണത്തിനായി പ്രോജക്ടുകൾ രൂപീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	14.08.2022	1 മാസം	-
അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	30.08.2014	2009-2010 To 2013-14	27.10.2014

1-11 ഇ-പെയ്മെന്റ് അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ ക്രെഡിറ്റ് ആകാൻ അവശേഷിക്കുന്നു.

2023 ജൂൺ മാസത്തെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ ഇ-പെയ്മെന്റ് അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി ഉൾപ്പെടെയുള്ള വരവിനങ്ങളുടെ തുക അക്കൗണ്ടിൽ ക്രെഡിറ്റാകാൻ അവശേഷിക്കുന്നതായി രേഖകൾ പ്രകാരം ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം.	വൗച്ചർ തീയതി	തുക(രൂപ)
1	1230000219	01.06.23	220/-
2	1230000220	01.06.23	10/-
3	1230000221	01.06.23	5/-
4	1230000222	02.06.23	5/-
5	1230000223	03.06.23	5/-

6	1230000224	03.06.23	120/-
7	1230000225	03.06.23	5/-
8	1230000226	05.06.23	5/-
9	1230000227	05.06.23	5/-
10	1230000228	05.06.23	120/-
11	1230000229	05.06.23	5/-
12	1230000230	05.06.23	5/-
13	1230000233	06.06.23	5/-
14	1230000234	06.06.23	5/-
15	1230000191	25.05.23	24/-
16	1230000192	25.05.23	5/-
17	1230000193	25.05.23	5/-
18	1230000194	26.05.23	5/-
19	1230000195	26.05.23	120/-
20	1230000196	27.05.23	220/-
21	1230000197	27.05.23	10/-
22	1230000198	27.05.23	2/-
23	1230000199	27.05.23	5/-
24	1230000200	27.05.23	15/-
25	1230000201	29.05.23	55/-
26	1230000202	29.05.23	55/-
27	1230000203	29.05.23	120/-
28	1230000204	29.05.23	5/-
29	1230000205	29.05.23	120/-
30	1230000206	29.05.23	55/-
31	1230000207	29.05.23	120/-
32	1230000208	29.05.23	120/-

33	1230000142	17.05.23	120/-
34	1230000215	01.06.23	120/-
35	1230000216	01.06.23	5/-
36	1230000217	01.06.23	220/-
37	1230000218	01.06.23	5/-
38	-	31.03.23	409/-
39	-	30.04.22	746/-

ക്രമ നം. 39 ലെ തുക 746/-രൂപ 25.03.22 ന് കെട്ടിട നികുതി ഇനത്തിൽ ഒടുക്ക് വരുത്തിയതാണ്. നാളിതുവരെ പ്രസ്തുത തുക IKM-ൽ നിന്നും ഇ-പേയ്മെന്റ് അക്കൌണ്ടിലേക്ക് മാറി ലഭിക്കാത്തതിനെ തുടർന്ന് പരാതി സമർപ്പിച്ചപ്പോൾ കെട്ടിട ഉടമയെ ബന്ധപ്പെട്ട് ഈ തുക വീണ്ടും അടക്കണമെന്നാണ് IKM-ൽ നിന്ന് മറുപടി ലഭിച്ചത്. അപ്രകാരം അടയ്ക്കണമെങ്കിൽ സഞ്ചയയിൽ നിന്ന് ഈ തുകയ്ക്ക് രേഖപ്പെടുത്തിയ രസീത് ഡിലീറ്റ് ചെയ്ത് നൽകണമെന്ന് IKM നോട് ആവശ്യപ്പെട്ടെന്നും ക്രമ നം. 38 ലെ തുക 409/-രൂപ 09.03.23 ന് കെട്ടിട നികുതി ഇനത്തിൽ ഒടുക്ക് വരുത്തിയതാണെങ്കിലും IKM-ൽ നിന്നും നാളിതുവരെ ഇ-പേയ്മെന്റ് അക്കൌണ്ടിലേക്ക് മാറി ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കണമെന്ന് കാണിച്ച് IKM-ന് പരാതി സമർപ്പിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കി.
മേൽപ്പറഞ്ഞ തുകകൾ IKM ൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം: 24/20.7.23

1-12 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

1) ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ/ സൂപ്പർവൈസർമാർ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ടാക്സി വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ/സൂപ്പർവൈസർമാർ, റേഷൻ വ്യാപാരികൾ എന്നിവരുടെ ലിസ്റ്റ് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്.

2) ബി. എസ്. എൻ. എൽ, ഇടപ്പള്ളിക്കോട്ട, പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകൾ എന്നിവയുടെ സ്ഥാപന തൊഴിൽ നികുതി തൻവർഷം ഈടാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപയറിയ്ക്ക് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും ബി.എസ്.എൻ.എൽ ന്റെ സ്ഥാപന നികുതി ഒടുക്കുന്നത് സംബന്ധിച്ച വിഷയം കോടതി പരിഗണനയിലാണെന്നും, റേഷൻകട ഉടമകൾക്ക് ആർ.ആർ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കേസ്, റവന്യൂ റിക്കവറി എന്നിവയുടെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകപയറി നം.7, 21/തീ. 14.7.23, 20.7.23

1-13 മൊബൈൽ ടവർ വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടവർ നം.	ഉടമസ്ഥന്റെ പേര്	മൊബൈൽ ടെലഫോൺ ടവറിന്റെ ആകെ വിസ്തീർണം (ച.മീ)	കുടിശ്ശിക കാലയളവ്	കുടിശ്ശിക തുക (രൂപ)
10/190	ഡിഷ് നെറ്റ് വയെർലെസ്സ് എയർസെൽ	11.5	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2022-23 രണ്ടാം അർദ്ധവർഷം വരെ	69000/-

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകപയറിയ്ക്ക് 2013 മുതൽ ഉള്ള വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കേസ് നടക്കുന്നുവെന്നും, ഓൺലൈൻ റെവന്യൂ റിക്കവറി നടപടികളും തുടരുന്നുവെന്നാണ് മറുപടി നല്കിയത്. മേൽ സ്വീകരിച്ച നടപടികളുടെ തുടർവിവരങ്ങൾ യഥാസമയം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറി നം: 22/20.7.23

1-14 ഹോമിയോ മരുന്നുകൾ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പേര്	അടങ്കൽ (₹)	ചെലവു തുക (₹)	ബിൽ നം./ തീയതി	തുക നൽകിയത് (₹)	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (₹)
12/23 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ	2,00,000/- (മെയി. ഫണ്ട്-റോഡിതരം)	2,00,000/-	1/21.01.23	2,00,000/-	2,00,000/-

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ എൻകൗയറിക്ക് ഹോംകോയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്ന മറുപടി നല്കി. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതുവരെ 2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക : 2,00,000/-രൂപ
ഓഡിറ്റ് എൻകൗയറി നം : 8/14.07.23

1-15 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 5,27,086/-രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നുകൾ/ ഉപകരണങ്ങൾ വാങ്ങുന്നതിനായി K.M.S.C.L-ൽ അടവാക്കിയ 5,27,086/-രൂപയുടെ മരുന്നുകൾ/ ഉപകരണങ്ങൾ ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം/ പേര്	അടങ്കൽ തുക/ ഫണ്ടിനം.	ചെലവ് തുക (രൂപ)	ബിൽ നം./ തീയതി	ലഭിച്ച മരുന്ന്/ ഉപകരണങ്ങൾ	ലഭിക്കുവാനുള്ള മരുന്ന്/ ഉപകരണങ്ങൾ

					എന്നിവയുടെ വില (രൂപ)	എന്നിവയുടെ വില (രൂപ)
1.	149/23 ജീവിതശൈലി രോഗങ്ങൾക്ക് ഇൻസുലിൻ, പരിശോധനയ്ക്കാവശ്യമായ ചികിൽസാ ഉപകരണങ്ങൾ	1000000/- മെയിന്റനൻസ് ഫണ്ട് നോൺറോഡ്	1000000/-	2/4.3.23 7/21.3.23 9/21.3.23	648090/-	351910/-
2.	93/23 പാലിയേറ്റീവ് കെയർ പദ്ധതി	1020970/- വികസന ഫണ്ട്-ജനറൽ	817056/-		641880/-	175176/-
	ആകെ	**527086/-**				

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ/ഉപകരണങ്ങൾ എന്നിവയുടെ വിലയായ 5,27,086/-രൂപ തടസ്സപ്പെടുത്തുന്നു. അവ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക : 5,27,086/-രൂപ

ഓഡിറ്റ് എൻകയറി നം : 14/19.07.23

1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെപ്പറയുന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ഭിന്നശേഷി കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷനായി 80,000/-രൂപ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

പ്രോജക്ട് നം	അടങ്കൽ തുക (രൂപ)	ചെലവ് തുക (രൂപ)	തുക കൈമാറിയ സ്ഥാപനം

SO 99/23 ഭിന്നശേഷി കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ	80000/- (വികസനഫണ്ട് ജനറൽ)	80000/- (ബിൽ റഫറൻസ് നം.1357227/15.3.23)	കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 80,000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 80,000/-രൂപ

1-17 കിണർ നിർമ്മാണം - അർഹമായതിൽ അധികം സബ്സിഡി നൽകി. ഓഡിറ്റ് എൻകൗയറിയെ തുടർന്ന് തിരിച്ചടച്ചു.

നിർവഹണോദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പദ്ധതി, നം	2/23, പുതിയ തുറന്ന കിണർ നിർമ്മാണം, ജനറൽ
അടങ്കൽ തുക	1725000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക	1430910/-രൂപ

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.കൈ.നം 115/22 തസ്വഭവ തീ.28.5.22) ഖ 6.6 (കുടിവെള്ളം) പ്രകാരം പുതിയ തുറന്ന കിണർ നിർമ്മാണത്തിന് ജനറൽ വിഭാഗത്തിന് അർഹമായത് 50% സബ്സിഡി (പരമാവധി 17,500/-രൂപ) ആണ് പറഞ്ഞിരിക്കുന്നത്. മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ 50% ൽ അധികം സബ്സിഡി നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	നൽകിയ തുക (രൂപ)	മൂല്യനിർണ്ണയ സാക്ഷ്യപത്രം പ്രകാരം ചെലവ് തുക (രൂപ)	50% സബ്സിഡി തുക (രൂപ)	അധികം നൽകിയ തുക(രൂപ)
ഷിഹാബ്, പാലമൂട്ടിൽ, വാർഡ് 5	17500/-	29500/-	14750/-	2750/-

ഷാഹിദ, വേളർ പറമ്പിൽ, വാർഡ് 4	17500/-	25000/-	12500/-	5000/-
ബിജു, കൊച്ചുതറയിൽ	17500/-	29500/-	14750/-	2750/-
ഷാജിറാബീഗം, നെടിയാഴത്ത് കിഴക്കതിൽ	17500/-	29500/-	14750/-	2750/-
ജഗദമ്മ, പുത്തേത്ത്	17500/-	29500/-	14750/-	2750/-
			ആകെ	**16000/-**

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻകയറി (നം. 17/23 തീ 19.7.23) നൽകിയതിനെ തുടർന്ന് 20.7.23 ൽ 1230101423 നം. രസീത് പ്രകാരം 16,000/-രൂപ 3020200113 ഹെഡിലേക്ക് (ഡവ.ഫണ്ട് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) തിരികെ അടവാക്കിയിട്ടുണ്ട്.

1-18 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.

അസിസ്റ്റന്റ് സെക്രട്ടറി 2022-23 ൽ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി നിർമ്മാണം പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താവിന് 75,000/-രൂപ അനുവദിച്ചെങ്കിലും നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല. പഠനമുറിക്കായി ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപയാണ് അനുവദിക്കാവുന്നത്.

നിർവഹണോദ്യോഗസ്ഥൻ	അസി.സെക്രട്ടറി
പദ്ധതി, നം	പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി (78/23)
അടങ്കൽ തുക	13,01,218/- (SCPഫണ്ട്)
ചെലവ് തുക	3,83,160/-രൂപ 1. BRN 300110665/11.6.22- 75,000/- 2. BRN 110202438/15.6.22- 1,00,000/- 3. BRN 300441516/15.6.22- 75,000/- 4. BRN 300557556/22.9.22- 63,160/- 5. BRN 300257657/30.6.22- 70,000/-

നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര് (ശ്രീ /ശ്രീമതി)	അനുവദിച്ച തുക ₹
1	സീതാലക്ഷ്മി, D/O മനോഹരൻ, അനന്തുഭവൻ, വാർഡ് നം. 2	50,000/-(28.2.22) 25,000/- (15.6.22)

മേൽ ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 1/11.7.2023.

1-19 അനുവദനീയമല്ലാതെ ടെൻഡർ എക്സസ് നൽകിയത് തിരിച്ചടച്ചു.

പ്രോജക്റ്റ് നം. – 20/22 (43/23)

പുല്ലമ്പള്ളിമുക്ക് മുതൽ കുന്നയ്ക്കൽ റോഡ് റീ ടാറിംഗ്

അടങ്കൽ - 10,00,000/-(വികസനഫണ്ട് എസ്.സി.പി)

ചെലവ് - 8,25,751/-

സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പുല്ലമ്പള്ളിമുക്ക് മുതൽ കുന്നയ്ക്കൽ വരെ റോഡ് റീ ടാറിംഗ് പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ 2021-22 ൽ നൽകിയപ്പോൾ പ്രവൃത്തി മൂല്യമായ 356126/- രൂപയുടെ കൂടെ 10% ടെൻഡർ എക്സസ് ആയി 35613/-രൂപ കൂടി നൽകിയിരിക്കുന്നു. ഈ പ്രവൃത്തിക്കു ടെൻഡർ എക്സസ് അനുവദനീയമല്ലായിരുന്നു. കരാറുകാരൻ ടെൻഡർ എക്സസ് കോട്ടു ചെയ്തിട്ടുമുണ്ടായിരുന്നില്ല. Tender Acceptance കത്തിലും ടെൻഡർ എക്സസില്ല. 2022-23 ൽ രണ്ടാം പാർട്ട് ബിൽ & ഫൈനൽ ബിൽ തുകയായി ബിൽ നം. 26/22-3-23 പ്രകാരം 387003/-രൂപ നൽകിയപ്പോഴും ടെൻഡർ എക്സസ് തുക കുറവു ചെയ്തില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറി നം.4/15-7-2023 ന് മറുപടിയായി അധികം നൽകിയ തുക 35613/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടച്ചു ചെല്ലാൻ ഹാജരാക്കി. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ജാഗ്രത പാലിക്കേണ്ടതാണ്.

1-20 ഓഡിറ്റ് നിർദേശാനുസരണം ഫൈൻ ഒടുക്കു വരുത്തി - 33,486/-രൂപ

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാർ പ്രകാരമുള്ള സമയ പരിധി കോവിഡ് കാലം പരിഗണിച്ചു 6 മാസം ദീർഘിപ്പിച്ച് നൽകിയെങ്കിലും ഈ കാലയളവിനുള്ളിലും പൂർത്തീകരിച്ചില്ല. ആയതിനു PWD മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയതുമില്ല. കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O. (P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് ബിൽ തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം.SO 40/23 (സ്പിൽ ഓവർ) : കല്ലുതട്ട് വടക്കുവശം കലുങ്ക് നിർമ്മാണം
ഫൈൻ – 8,831/-രൂപ

2) പ്രോജക്ട് നം. – SO.39/23 വല്ലാറ്റിൻ – കരായറോഡ് നവീകരണം
അടങ്കൽ തുക - 5,50,000/-രൂപ – (മെയിന്റനൻസ് ഫണ്ട് റോഡ്).
ഫൈൻ – 24,655/-രൂപ.

ഇതു സംബന്ധിച്ചു 9/15-7-2023 നമ്പരായി ഓഡിറ്റ് എൻകയറി നൽകിയതിനെ തുടർന്ന് രസീതു നം.1230101386/15-7-23 പ്രകാരം 8,831/-രൂപയും, രസീതു നം.1230101397/19-7-23 പ്രകാരം 24,655/-രൂപയും ഒടുക്കു വരുത്തി രസീതു ഹാജരാക്കി.

1-21 രേഖകളുടെ അഭാവത്തിൽ നഷ്ട പരിഹാരം ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട കുറ്റിവട്ടം ഷോപ്പിംഗ് കോംപ്ലക്സ് നിലനിന്നിരുന്ന സ്ഥലം ദേശീയ പാത 66 ന്റെ വികസനത്തിനായി ദേശീയപാത അതോറിറ്റിക്കു വേണ്ടി സ്പെഷ്യൽ

ഡെപ്യൂട്ടി കളക്ടർ (LA) NH ഏറ്റെടുത്തിട്ടുണ്ട്. സർവേ നം. 131/8 Block No.17 വടക്കുംതല വില്ലേജിൽ പെട്ട 673 Sq M സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. വസ്തുവിന്റെയും കെട്ടിടത്തിന്റെയും വിലയായി 1,12,86,892/-രൂപ അവാർഡായി കണക്കാക്കിയിട്ടുണ്ടെന്ന് അവാർഡ് നം.0300 തീ.18-3-2022 കത്തു പ്രകാരം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ അറിയിച്ചിട്ടുണ്ട്. വസ്തുവിന്റെ അവകാശികൾ ക്ലെയിമിനായി ദേശീയപാത അതോറിറ്റിയെ സമീപിക്കാത്തതിനാൽ സ്പെ.ഡെ.കളക്ടർ തന്നെയാണ് വാല്യൂവേഷൻ നിശ്ചയിച്ചിരിക്കുന്നത്. റവന്യൂ രേഖകൾ പ്രകാരം വസ്തു സർക്കാർ പുറംപോക്കാണ്. ഈ വസ്തുവിലായിരുന്നു പഞ്ചായത്തു വക ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിച്ചിരുന്നത്. ആയതിനാൽ നഷ്ടപരിഹാര തുക നൽകാൻ കഴിയില്ലെന്നും ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതു വരെ അവാർഡ് തുക സ്പെഷ്യൽ ഡെ. കളക്ടർ & കോംപീറ്റന്റ് അതോറിറ്റിയുടേയും പ്രോജക്ട് ഡയറക്ടർ NHAI തിരുവനന്തപുരത്തിന്റെയും സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വസ്തു സർക്കാർ പുറംപോക്കായതിനാൽ വസ്തുവിനു വില കണക്കാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ നം.135 20100 100000002 നമ്പരായി ചേർത്തിട്ടുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ രേഖകൾ ലഭ്യമാക്കി തുക കൈപ്പറ്റാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ദീർഘകാലമായി പഞ്ചായത്തിന്റെ കൈവശാവകാശത്തിലുള്ള ഭൂമിയെന്ന നിലയിലും പഞ്ചായത്ത് നിർമ്മിച്ചതും ആസ്തിയിൽ ഉൾപ്പെട്ടതുമായ കെട്ടിടം എന്നനിലയിലും പഞ്ചായത്തിന് നഷ്ടപരിഹാരം നേടിയെടുക്കുന്നത് സംബന്ധിച്ച് നിയമോപദേശം തേടി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 പട്ടിക ജാതി വനിതകൾക്ക് ശിങ്കാരി മേളം പരിശീലനം, ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് - ഗുണഭോക്തൃ വിഹിതം വിനിയോഗിക്കാതെ വികസനഫണ്ട് എസ്.സി.പിയിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചു.

പ്രോജക്ട് നം	അടങ്കൽ തുക	ചെലവ് തുക
സ്പിൽ ഓവർ (SO27/23)	2,19,750/-രൂപ (വികസനഫണ്ട് എസ്.സി.പി)	2,08,000/- രൂപ BRN-900112628/18.5.22

പട്ടിക ജാതി വനിതകൾക്ക് ശിങ്കാരി മേളം പരിശീലനം, ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ടിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 ൽ (SO111/22) 303750/-രൂപ

അടങ്കൽ വകയിരുത്തുകയും (വികസനഫണ്ട് എസ്.സി.പി) 84000/-രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടിൽ 5% ഗുണഭോക്തൃ വിഹിതം, 95% സബ്സിഡി എന്ന രീതിയിലാണ് തുക വകയിരുത്തിയിരുന്നത്. 5% ഗുണഭോക്തൃ വിഹിതം ഇനത്തിൽ 2021-22 ൽ 15106/-രൂപ രസീത് നം 1210107917/26.3.22 പ്രകാരം പഞ്ചായത്തിൽ അടവാക്കി. 2022-23 ൽ പ്രോജക്ട് സ്പിൽ ഓവറാക്കി 208000/-രൂപ(വികസനഫണ്ട് എസ്.സി.പി) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് സാമ്പത്തിക വർഷവും 5% ഗുണഭോക്തൃ വിഹിതം വിനിയോഗിക്കാതെ മുഴുവൻ തുകയും (292000/-രൂപ) വികസനഫണ്ട് എസ്.സി.പിയിൽ നിന്നുമാണ് ചെലവഴിച്ചത്. ആയത് സംബന്ധിച്ച് നൽകിയ എൻകുയറിക്ക് മറുപടിയായി (എൻകുയറി നം. 11/18.7.23) മേൽ ഗുണഭോക്തൃവിഹിതം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള തുക വികസനഫണ്ട് എസ്.സി.പി ഹെഡിലേക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 15106/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

തടസ്സപ്പെടുത്തിയ തുക – 15,106/-രൂപ

1-23 വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രോജക്ട് മുൻകൂർ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല.

2022-23 ൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രോജക്ടിൽ താഴെപ്പറയും പ്രകാരം ആകെ 20,48,498/-രൂപ ചെലവഴിച്ചു.

പ്രോജക്ട് നം	അടങ്കൽ തുക	ചെലവ് തുക
So 100/23	3975000/-രൂപ (വികസനഫണ്ട് എസ്.സി.പി)	1) BRN 22307520977990078141 8/16.11.22 — 35000/-രൂപ
		2) BRN 22307520977990080262/12.11.22 - 70000/-രൂപ
		3) BRN 22307520977990088271 89/28.11.22 - 35000/-രൂപ
		4) BRN 22307520977990091037 3/28.11.22 - 70000/-രൂപ

		5) BRN 22307520977990028408/11.1.23 - 150000/-രൂപ
		6) BRN 22307520977990028414/11.1.23 - 80000/-രൂപ
		7) BRN 2230752097901199685/16.2.23 — 265000/-രൂപ
		8) BRN 2230752097901212607/20.2.23 - 110000/-രൂപ
		9) BRN 2230752097901223449/22.2.23 - 225000/-രൂപ
		10) BRN 2230752097901274721/2.3.23 - 35000/-രൂപ
		11) BRN 2230752097901283988/30.3.23 - 33498/-രൂപ
		12) BRN 2230752097901283988/6.3.23 - 110000/-രൂപ
		13) BRN 2230752097901323004/9.3.23 – 110000/-രൂപ
		14) BRN 2230752097901357045/15.3.23 — 260000/-രൂപ
		15) BRN 2230752097901395 10/18.3.23 - 110000/-രൂപ
		16) BRN 2230752097915388677/28.3.23 - 270000/-രൂപ
		17) BRN 2230752097915120 85/28.3.23 - 80000/-രൂപ

മേൽ പദ്ധതിയിൽ മുൻകൂർ ഒരു ഗഡു കൈപ്പറ്റി നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർവച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല.

ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (രൂപ)	തീയതി
മണി, കോന്താറ വയലിൽ	35000/-	16.2.23
ശാന്തമ്മ, ചേന്നംമ്പള്ളിൽ, കൊല്ലക	35000/-	20.2.23
സുധാമണി, സുമേഷ് ഭവനം, കളരി	35000/-	30.3.23
അജിത, അനീഷാലയം, വടുതല	35000/-	6.3.23
ഗിരിജ, പോച്ചയിൽ കിഴക്കതിൽ, കൊല്ലക	35000/-	15.3.23
സജി, രമണി നിവാസ്	35000/-	15.3.23
ആകെ	**210000/-രൂപ**	

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻകുയറിക്ക് (നം. 12/23 തീ. 15.07.23) മറുപടിയായി മേൽ പറഞ്ഞ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. 210000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

തടസ്സപ്പെടുത്തിയ തുക – 2,10,000/-രൂപ

1-24 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല - ആർ.ആർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ലൈഫ് ഭവന നിർമ്മാണം (എസ്.സി)-2021 ൽ കരാറിൽ ഏർപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവ് പേര്	കരാർ വച്ച തീയതി	കൈപ്പറ്റിയ തുക (രൂപ)
സുധർമ്മ, ഹരികൃഷ്ണ ഭവനം	27/7/21	8.9.21 - 40000/- 18.10.21 - 160000/- 23.11.21 - 60000/-

ഫയൽ പരിശോധിച്ചതിൽ ഈ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനായി നം400318/DPAGO3/General/2023/1200 തീയതി 1.2.23 പ്രകാരം റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയിട്ടുണ്ട്. ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാലും കരാർ കാലാവധി അവസാനിച്ചതിനാലും കരാർ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച തുക (കരാർ പ്രകാരമുള്ള പലിശ സഹിതം) ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 അശാസ്ത്രീയമായ ഓട നിർമ്മാണം - 9,99,640/-രൂപ പാഴ് ചെലവ്.

പ്രോജക്ട് - 68/23 പന്മന ടൈറ്റാനിയം ജംഗ്ഷൻ താമള കിഴക്കു വശം ഓടയും സ്ലാബും

ജില്ലാ പഞ്ചായത്ത് - 10,00,000/-

സി.എഫ്.സി- 6,50,000/-

തനതു ഫണ്ട് - 3,50,000/-

ആകെ - 20,00,000/-

കരാർ – 39 IAE / 25 LSGD / PG P തീയതി 15.10.20

റ്റി.എസ്. നം.26730/20 - 21 തീയതി 04.6.2020

116 മീറ്റർ നീളത്തിൽ ഓടയും കവറിംഗ്ല് സ്ലാബും, 8.71 മീറ്റർ പഴയ ഓടക്കും കവറിംഗ് സ്ലാബ് എന്നീ പ്രവൃത്തികൾക്ക് വേണ്ടിയായിരുന്നു പ്രോജക്ട്.

പ്രവൃത്തിയുടെ 50% പൂർത്തീകരിച്ചുവെന്നും മഴ വെള്ളക്കെട്ടു മൂലം പ്രവൃത്തി തുടരാൻ സാധിക്കാത്തതിനാൽ കരാറുകാരനായ ശ്രീ. വിജയകുമാറിനു പാർട്ട് ബിൽ നൽകാവുന്നതാണെന്നും പഞ്ചായത്തു പ്രസിഡന്റ് കത്തു നൽകിയതിന്റ അടിസ്ഥാനത്തിൽ ഒന്നാം പാർട്ട് ബിൽ പ്രകാരം 611046/-രൂപ (ചെക്ക് നം.6253119/20-10-21) കരാറുകാരന് നൽകിയിട്ടുണ്ട്. രണ്ടാം പാർട്ട് ബിൽ തുകയായ 404248/-രൂപയിൽ ലഭ്യമായ ഫണ്ടിൽ പരിമിതപ്പെടുത്തി 388594/-രൂപ ബിൽ നം.6/16-8-2022 പ്രകാരവും നൽകി. 104 മീറ്റർ നീളത്തിൽ ഓടയും 66 മീറ്റർ നീളത്തിൽ സ്ലാബും പൂർത്തീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് മരാമത്ത് വിഭാഗം ഓവർസിയർക്കൊപ്പം നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത സ്ഥലം മുഴുവൻ വെള്ളക്കെട്ടു നിറഞ്ഞ നിലയിൽ കണ്ടു. ഓട പൂർത്തീകരിക്കാത്തതിനാൽ ഇതിലൂടെ വരുന്ന ജലം അടുത്തുള്ള ഓടയിൽ കൂടി ഒഴുകി പോകുന്നില്ല. ഓട നിർമ്മിക്കേണ്ട സ്ഥലം പരിശോധിച്ച് സ്ഥലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കാതെ പദ്ധതി രൂപീകരിച്ചതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ഓടയ്ക്കു ആവശ്യമായ ഉയരം ഇല്ലാത്തതും, സമീപ ഓടയുമായി ബന്ധിപ്പാക്കാത്തതുമാണ് പ്രദേശത്ത് വെള്ളക്കെട്ട് രൂക്ഷമാകുന്നതിന് കാരണമെന്ന് പ്രദേശവാസികൾ അറിയിച്ചു. പ്രവൃത്തി പൂർത്തീകരണത്തിനായി പദ്ധതി സ്പിൽ ഓവറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.13/18-7-23 നു, നാട്ടുകാർ പ്രവൃത്തി തടസ്സപ്പെടുത്തിയതിനാലും, സ്ഥിരം വെള്ളക്കെട്ടുള്ള പ്രദേശമായതിനാലും നിലവിലെ എസ്റ്റിമേറ്റിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കില്ല എന്ന മറുപടി ലഭ്യമാക്കി. പ്രവൃത്തി ഫലപ്രാപ്തിയിൽ എത്താത്തതിനാൽ മേൽ പ്രവൃത്തിക്കു വേണ്ടി ചെലവഴിച്ച 999640/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി ഫലപ്രാപ്തിയിൽ എത്തിക്കാനുള്ള പദ്ധതി തയ്യാറാക്കി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 9,99,640/-രൂപ

1-26 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-23 ലെ ലേബർ ബജറ്റ് പ്രകാരം 77161560/-രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിരുന്നു. മുൻ വർഷങ്ങളിലെ കുടിശിക വേതനം ഉൾപ്പെടെ 77369615/-രൂപ വേതനമിനത്തിൽ നൽകിയിട്ടുണ്ട്. അൺ സ്കിൽഡ് വേതനമായി 76761375/-രൂപയും സ്കിൽഡ്/സെമിസ്കിൽഡ് വേതനമായി 608240/-രൂപയും മെറ്റീരിയൽസ് വിലയായി 2221246/-രൂപയും ചെലവഴിച്ചിട്ടുണ്ട്. 1345 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

വാട്ടർ കൺസർവേഷൻ, ഭൂവികസനം എന്നീ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. തൊഴുത്തു നിർമ്മാണം, കിണർ നിർമ്മാണം, എന്നീ വ്യക്തിഗത ആനുകൂല്യ നിർമ്മാണ പ്രവൃത്തികളും നടപ്പിലാക്കി. ആസ്തി നിർമ്മാണ പ്രവൃത്തികൾ കൂടുതൽ എറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

1-27 ടെൻഡർ ഫോം വില ലഭ്യമായില്ല.

ഇ-ടെൻഡർ ഫോറവിലയിനത്തിലെ വരവു തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിലാണ് പ്രാഥമികമായി ക്രഡിറ്റ് ചെയ്യുന്നത്. ഇത്തരം തുകകൾ വർഷങ്ങളായി തിരികെ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വരവ് തുകയുടെ ക്രഡിറ്റിനു വേണ്ടി പഞ്ചായത്ത് എ.ഇ യുടെ പേരിൽ ബാങ്ക് അക്കൗണ്ട് നാളിതുവരെയും ആരംഭിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ 197223/-രൂപ ലഭ്യമാകാനുമുണ്ട്.

ഇ-ടെൻഡർ ഫോറവില ഇനത്തിൽ 2021-22 വർഷം വരെ 1372321/-രുപ ലഭ്യമാകാനുള്ളത് മുൻ വർഷ റിപ്പോർട്ടിൽ പരാമർശിച്ചുണ്ട്. തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വിവരം അറിയിക്കേണ്ടതാണ്.

1-28 ലഭ്യമായ വസ്തുവകകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല.

വിവിധ അങ്കണവാടികൾക്കായി ചുവടെ ചേർക്കുന്ന ഭൂമികൾ ദാനാധാരമായി പഞ്ചായത്തിനു ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതു നാളിതു പേരിൽ കൂട്ടുകയോ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വസ്തുവിന്റെ വിശദാംശങ്ങൾ

അങ്കണവാടി നം	വസ്തുവിന്റെ വിവരം	വിസ്തീർണ്ണം
84	ബ്ലോക്ക് നം.18 റിസർവേ നം. 342/91-1	3 സെന്റ് 89 ലിങ്ക്സ്
89	ബ്ലോക്ക് നം.18 റിസർവേ നം. 87/38-2-1	3 സെന്റ്
108	ബ്ലോക്ക് നം.18 റിസർവേ നം. 222/2-3-2	3.5 സെന്റ്

മേൽ വസ്തുക്കൾ പഞ്ചായത്തിന്റെ പേരിൽ ലഭ്യമായതിന്റെ ആധാര രേഖകൾ ഓഡിറ്റിനു ഹാജരാക്കി. പേരിൽ കൂട്ടാത്തതും ആസ്തി രജിസ്റ്ററിൽ ചേർക്കാത്തത് സംബന്ധിച്ചും നൽകിയ എൻകവയറി നം. 23/20-7-23 നു നിലവിലെ അസറ്റ് മോഡ്യൂൾ Backup File - കൾ IKM Close ചെയ്തിരിക്കുകയാണെന്നും ആയതു Open ആകുമ്പോൾ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

വസ്തു വകകൾ പേരിൽ കൂട്ടി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

1-29 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 1,35,828/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. പേര്	തുക കൈപ്പറ്റിയ സ്ഥാപനം	നൽകിയ തുക(രൂപ)	ബിൽ നം./ചെക്ക് നം, തീയതി
125/23, ഐ.കെ.എം ന് അടയ്ക്കണ്ട വിഹിതം	ഐ.കെ.എം	1,35,828/-	13/28.10.22

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 135828/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,35,828/-രൂപ
ഓഡിറ്റ് എൻകൗയറി നം.18/19.7.2023

1-30 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാൻ ബാക്കിയുള്ള 2,37,275/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ		വെറ്റിനറി സർജൻ
പദ്ധതി	അടങ്കൽ തുക (രൂപ)	ചെലവ് തുക (രൂപ)
കന്നുകുട്ടി പരിപാലന പദ്ധതി (120/23) സ്പിൽ ഓവർ	3,12,500/- (വികസനഫണ്ട്) 3,12,500/- (BC നേരിട്ട്)	3,12,500/- (ബിൽ നം.9/ 17.03.23

2022-23 ൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 25 കന്നുകുട്ടികൾക്കുള്ള വിഹിതമായി 12,500/-രൂപ നിരക്കിൽ 3,12,500/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ 75225/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. ശേഷിക്കുന്ന 2,37,275/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 2,37,275/-രൂപ

1-31 നെൽകൃഷി വികസന പദ്ധതി - നെൽ വിത്ത് വിതരണത്തിൽ ഒതുങ്ങി.

പദ്ധതി - 145/23, നെൽകൃഷി വികസനം

അടങ്കൽ - 33,200/- (വികസനഫണ്ട്-23,950/-, ഗുണഭോക്തൃവിഹിതം-9,250/-)

ചെലവ് – 3,200/- (വികസനഫണ്ട്)

ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിന് നെൽ വിത്ത് (100%), ജൈവവളം (75%) ഹെക്ടറിന് 17000/-രൂപ കൂലി ചെലവ് എന്നിവ സബ്സിഡി നൽകുന്നതിനായുള്ള പദ്ധതിയിൽ സ്റ്റേറ്റ്

സീഡ് ഫാം കൊട്ടാരക്കരയിൽ നിന്ന് നെൽ വിത്ത് വാങ്ങി 6 ഗുണഭോക്താക്കൾക്ക് നൽകുക മാത്രമാണ് ചെയ്തത്. നെൽകൃഷിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

നെൽകൃഷിയുമായി ബന്ധപ്പെട്ട യാതൊരു പ്രവർത്തനങ്ങളും നടപ്പാക്കാത്തതിന്റെ വിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് കർഷകർ വിതച്ച വിത്തുകൾ ഭൂരിഭാഗവും മഴയിൽ ഒഴുകിപോകുകയും കൃഷി നാമമാത്രമായ സ്ഥലത്ത് അവശേഷിക്കുകയും ചെയ്തതിനാൽ തുടർപ്രവർത്തനങ്ങൾക്കുള്ള ജൈവവളം നൽകാൻ കഴിഞ്ഞിട്ടില്ല എന്നും ഇത് കൂടാതെ ഈ സ്ഥലത്ത് ഉപ്പ് വെള്ളം കയറുന്നതിനാലും KMML കമ്പിനിയിൽ നിന്നും പുറംതള്ളുന്ന ആസിഡ് കലർന്ന മാലിന്യങ്ങൾ അടിഞ്ഞ്കൂടുന്നതിനാലും നെൽകൃഷി ചെയ്യാൻ സാധിക്കാതെ വരുന്നുണ്ട് എന്ന് മറുപടി ലഭ്യമാക്കി. നെൽകൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമ്പോൾ അത് നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതും പദ്ധതിയുടെ മോണിട്ടറിംഗ് ഫലപ്രദമായി നടപ്പാക്കേണ്ടതുമാണ്. സ്ഥലത്തിന് അനുയോജ്യമായ കൃഷി വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നമ്പർ – 3/12-7-23

1-32 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ - മാർഗ്ഗരേഖ പാലിച്ചില്ല.

പദ്ധതി - 107/23, മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് മേശയും കസേരയും

നിർവ്വഹണോദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

അടങ്കൽ - 1,84,000/-(വികസനഫണ്ട്)

ചെലവ് – 1,83,539/-രൂപ (വികസനഫണ്ട്)

പദ്ധതി പ്രകാരം 23 വിദ്യാർത്ഥികൾക്ക് MDF കൊണ്ടുള്ള മേശയും തടികൊണ്ടുള്ള കസേരയും ആർട്ട്കോയിൽ നിന്ന് വാങ്ങി ഗ്രാമപഞ്ചായത്ത് മുഖേന നൽകി. സബ്സിഡി മാർഗ്ഗരേഖയിലെ ഖ.7-3.2 പ്രകാരം വിദ്യാർത്ഥികൾക്ക് തടികൊണ്ടുള്ള മേശയും കസേരയും വാങ്ങി സ്ക്കൂൾ അധികൃതർ മുഖേനയാണ് നൽകേണ്ടത്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ

പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് ഗവൺമെന്റ് ഏജൻസിയിൽ നിന്നാണ് വാങ്ങിയതെന്നും പ്രോസസ്ഡ് വുഡ് എന്ന് അറിയിച്ചത് കൊണ്ടും ഗുണഭോക്താക്കൾക്ക് ഈ തരത്തിലുള്ള മേശയും കസേരയും മതിയെന്ന് അഭിപ്രായപ്പെട്ടതുകൊണ്ടുമാണ് MDF കൊണ്ടുള്ള മേശയും തടികൊണ്ടുള്ള കസേരയും വാങ്ങി പഞ്ചായത്ത് കമ്മിറ്റിയുടെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് മുഖേന നൽകിയത് എന്ന് മറുപടി ലഭ്യമാക്കി. ആയത് അംഗീകരിക്കാൻ കഴിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ – 5/13-7-23

1-33 നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ ക്രമീകരിച്ചില്ല.

2022-23 ൽ നിർവ്വഹണോദ്യോഗസ്ഥർക്ക് മുൻകൂറായി നൽകിയ തുക ക്രമീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	പേര്	നൽകിയ തുക (രൂപ)	ചെക്ക് നമ്പർ
1	അസി.എഞ്ചിനീയർ	15000/-	6253956/9.3.23
2	ഹെഡ്മാസ്റ്റർ, ചിറ്റൂർ യു.പി.എസ്	5000/-	305873/9.3.23
3	I.C.D.S സൂപ്പർവൈസർ	20000/-	305875/9.3.23
4	മെഡിക്കൽ ഓഫീസർ, ഹോമിയോ	5000/-	305876/9.3.23
5	കൃഷി ഓഫീസർ	5000/-	6253170/25.7.22

മുൻകൂർ നൽകിയ തുക ക്രമീകരിയ്ക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ജി.ഒ.(പി) നമ്പർ.419/11/ഫിൻ തീയതി 4.10.2011 ലെ ഖണ്ഡിക 4(III) ലെ വ്യവസ്ഥ അനുസരിച്ച് മുൻകൂറുകൾ നിശ്ചിത സമയത്തിനുള്ളിൽ ക്രമീകരിച്ചില്ലെങ്കിൽ മുൻകൂർ ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയ്ക്കും അനുവദിച്ച തീയതി മുതൽ റിക്കവറി നടത്തിയ തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണ്. മുൻകൂറായി നൽകിയ 50000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മുൻകൂറായി നൽകിയ തുക മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 50,000/-രൂപ
ഓഡിറ്റ് എൻകൗയറി നമ്പർ - 19/20-7-23

1-34 ഹരിത കർമ്മസേന പ്രവർത്തന അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്നുകൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരഭമാണ് ഹരിതകർമ്മ സേന. വീടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുന്നു. ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലേക്ക് അയയ്ക്കുന്നു. തുടർന്ന് തരംതിരിച്ച മാലിന്യം പുന:രുപയോഗം ചെയ്യാനുള്ള സംയോജനങ്ങൾ സാധ്യമാക്കുന്നു

പന്മന ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലായി 14767 കുടുംബങ്ങളും 1327 സ്ഥാപനങ്ങളുമുണ്ട്. 2011 ലെ സെൻസസ് പ്രകാരംആകെ ജനസംഖ്യ 50001 ആണ്. പന്മന ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലായി ഓരോ വാർഡിലും 2 ഹരിതകർമ്മസേനാംഗങ്ങൾ വീതം 46 അംഗങ്ങൾ ഹരിതകർമ്മസേനയിൽ പ്രവർത്തിക്കുന്നുണ്ട്. വാർഡുകളിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും എല്ലാ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത കലണ്ടർ പ്രകാരം അജൈവ മാലിന്യങ്ങളുടെ ശേഖരണം നടത്തിവരുന്നു. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരളാ കമ്പിനിക്കാണ് കൈമാറുന്നുത്. എം.സി.എഫിൽ തരംതിരിച്ച് വക്കുന്ന പുനചംക്രമണ യോഗ്യമായ അജൈവ പാഴ് വസ്തുക്കൾ വിപണി നിരക്കിൽ പ്രതിഫലം നൽകി ക്ലീൻ കേരളാ കമ്പിനി ഓരോ മാസവും ഏറ്റെടുക്കുന്നു.
എല്ലാ വാർഡുകളിലും മിനി എം.സി.എഫ്-കൾ ഉണ്ട്. ഇടപ്പള്ളികോട്ടയിലും കുറ്റിവട്ടത്തുമായി രണ്ട് എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടില്ല. 2023-24 ൽ ബെയിലിംഗ്, ഷ്രെഡിംഗ് യൂണിറ്റുകൾക്കായി പ്രോജക്ട് വിഭാവനം ചെയ്തിട്ടുണ്ട്.
പഞ്ചായത്തിൽ നിന്നും എല്ലാ ഘടക സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന സേവനങ്ങൾക്ക് ഹരിത കർമ്മസേന യൂസർഫീ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ഹരിത കർമ്മസേനയുമായി സഹകരിക്കാത്ത വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പിഴ ചുമത്തുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നുണ്ട്. 30000/-രൂപ ഈയിനത്തിൽ വരവുണ്ട്.
യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരളാ കമ്പിനിക്ക് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% കോർപ്പസ് അക്കൗണ്ടിൽ നില നിർത്തിയതിന് ശേഷമുള്ള തുക പ്രതിമാസം ഓരോ അംഗത്തിനും വേതനം ഇനത്തിൽ നൽകുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് ശരാശരി 10000/- രൂപ വേതനം ഇനത്തിൽ ലഭിക്കുന്നു. സേനാംഗങ്ങങ്ങൾക്ക് കോർപ്പസ് അക്കൗണ്ടിൽ ശേഷിക്കുന്ന തുകയിൽ നിന്നും ഓണത്തിന് ബോണസും നൽകുന്നുണ്ട്.
കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. പഞ്ചായത്തിലെ 90% ഭവനങ്ങളിലും ക്യു ആർ കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു. എല്ലാ സേനാംഗങ്ങൾക്കും യൂണിഫോം, സാനിറ്റൈസർ, ഗംബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് വാടകയ്ക്ക് എടുക്കുന്ന വാഹനത്തിലാണ് അജൈവമാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നത്. പഞ്ചായത്ത് തലത്തിൽ സ്കാഡ് രൂപീകരിച്ച് കടകളിൽ നിന്നും നിരോധിത പ്ലാസ്റ്റിക്ക് പിടിച്ചെടുത്ത് പിഴ ചുമത്തുന്നുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും പ്രാധാന്യത്തെകുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഹരിത കർമ്മ സേനാപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുവാൻ ഐ.ആർ.സി.ടി.യുമായി കരാർ വച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഷ്രഡിംഗ് യൂണിറ്റ്, ബെയിലിംഗ് യൂണിറ്റ്, എന്നിവ സ്ഥാപിക്കേണ്ടതാണ്.
2. വാഹന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.
3. എ.സി.എഫുകളിൽ തരംതിരിക്കുന്ന മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ക്ലീൻ കേരളാ കമ്പിനി ഒരുക്കേണ്ടതാണ്.

1-35 തനത് വരുമാനം - അവലോകനം

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനോ, പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിനോ യാതൊരു നടപടികളും 2022-23 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. നിലവിലുള്ള വരുമാന മാർഗ്ഗങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, ലേലം, വാടക എന്നിവ പ്രകാരം കളക്ട് ചെയ്ത തുകകൾ വാർഷികണക്കുകളുമായി പൊരുത്തപ്പെടുന്നു. വസ്തുനികുതി കളക്ഷൻ 100% ആണ്.

2) വസ്തുനികുതി

2022-23 ൽ വസ്തുനികുതി കളക്ഷൻ 100% ആണ്.

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം 1.4.23 മുതൽ പഴയ നിരക്കിൽ നിന്നും 5% വർദ്ധനവ് വരുത്തി പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുണ്ടെങ്കിലും, പുതിയ നിരക്ക് അന്തിമമായി അംഗീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ദിനപത്രങ്ങളിലും, നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1.4.23 ലെ വസ്തുനികുതി പരിഷ്ക്കരണ ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക നടപടിക്രമങ്ങൾ മാത്രമേ ആരംഭിച്ചിട്ടുള്ളു. വസ്തുനികുതി സംബന്ധിച്ച ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചാത്തിന്റെ വിവിധ ഭാഗങ്ങളിലായി 9 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. 8 എണ്ണത്തിന് വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കി വരുന്നു. മറ്റൊരു മൊബൈൽ ടവറിന്റെ വസ്തുനികുതി 2013 മുതൽ കുടിശ്ശികയാണ്. (ഖണ്ഡിക 1-13 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

3) സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ഉൾപ്പെടുത്തിക്കൊണ്ടുള്ള 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരവും ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ചുവടെ ചേർക്കുന്ന നിരക്കിൽ സേവന ഉപനികുതി ഈടാക്കുന്നതിന് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3%

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2%

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4%

4. ഡ്രെയിനേജ് - വസ്തു നികുതിയുടെ 1%

4) തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 1-12 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2022-23	19-7-23, 20-7-23	കെ.എസ്.എ.കെ.എൽ.എം.പി.2/1431/23 തീയതി – 19.08.23

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ് (രൂപ)	ബാലൻസ് (രൂപ)
ബ്ലോക്ക് പഞ്ചായത്ത്	2022-23	500000/-	44/23- കേശവപുരം അടാങ്ങി കാഷ്യു ഫാക്ടറി റോഡ് കോൺക്രീറ്റ്, വാർഡ് 1	500000/-	0

ബ്ലോക്ക് പഞ്ചായത്ത്	2022-23	254456/-	അങ്കണവാടി പോഷകാഹാര വിതരണ പരിപാടി	254456/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	796281/-	ലൈഫ് മിഷൻ ഭവനനിർമ്മാണം (പട്ടികജാതി വിഭാഗം)	796281/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	300000/-	ലൈഫ് ഭവന പദ്ധതി	300000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	1000000/-	ലൈഫ് പദ്ധതി മൂന്നാംഘട്ട പ്രവർത്തനങ്ങൾ	1000000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	200000/-	ലൈഫ് മിഷൻ ഭവനപദ്ധതി പട്ടിക ജാതി വിഭാഗം	200000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	300000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	300000/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	299799/-	പാലിന് സബ്സിഡി	299799/-	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	512000/-	ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം	512000/-	0
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ	2022-23	159390/-	32/23-ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോം	159390/-	0

ജില്ലാ പഞ്ചായത്ത്	2022-23	130221/-	അങ്കണവാടി പോഷകാഹാര വിതരണ പരിപാടി	130221/-	0
ജില്ലാ പഞ്ചായത്ത്	2022-23	380000/-	ലൈഫ് ഭവന പദ്ധതി	380000/-	0
ജില്ലാ പഞ്ചായത്ത്	2022-23	150000/-	ലൈഫ് മിഷൻ ഭവനനിർമ്മാണം (പട്ടികജാതി വിഭാഗം)	150000/-	0
ജില്ലാ പഞ്ചായത്ത്	2022-23	248658/-	ചോല വാർഡിലെ പി-115 അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണം.	248658/-	0
ജില്ലാ പഞ്ചായത്ത്	2022-23	96220/-	73/23 ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	96220/-	0
ജില്ലാ പഞ്ചായത്ത്	2022-23	1000000/-	ലൈഫ് ഭവന പദ്ധതി	1000000/-	0
ജില്ലാ പഞ്ചായത്ത്	2022-23	600000/-	ലൈഫ് പദ്ധതി മൂന്നാംഘട്ട പ്രവർത്തനങ്ങൾ	600000/-	0
ജില്ലാ പഞ്ചായത്ത്	2022-23	250000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	250000/-	0
ജില്ലാ പഞ്ചായത്ത്	2022-23	25191/-	പാലിന് സബ്സിഡി എസ് സി പി	25191/-	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൌച്ചർ നമ്പർ / ചെക്ക് നം	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ)
കെ.എസ്.ഇ.ബി	4/23- സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റെൻഷൻ	42200967	843346/-	843346/-	-
കെ.എസ്.ഇ.ബി	143/23- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	42201261	118891/-	118891/-	-
കെ.എസ്.ഇ.ബി	143/23- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	42201345	110238/-	110238/-	-
കെ.എസ്.ഇ.ബി	143/23- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	42201386	14570/-	14570/-	-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 74,54,448/-രൂപ വരവുണ്ട്. മുൻബാക്കി 3,70,14,240/-രൂപയടക്കം 4,44,68,688/- രൂപയിൽ 66,20,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് വായ്പ നമ്പർ/ തീയതി	വായ്പ തുക (രൂപ)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ)	തൻവർഷം തിരിച്ചടച്ച് തുക(രൂപ)		വർഷാവസാനം തിരിച്ചടയക്കാൻ ബാക്കിയുള്ള തുക(രൂപ)
				മുതൽ	പലിശ	
ഭവന നിർമ്മാണം	11234/DB.114/LSGD Dtd 28/2/14	2,00,00,000/-	38,60,000/-	20,00,000/-	3,62,428/-	18,60,000/-
ലൈഫ് ഭവന പദ്ധതി ഒന്നും രണ്ടും	സ.ഉ.49/2022/ എൽഎസ്.ജി.ഡി തീയതി 19/3/22	74,54,448/-	3,37,10,940/-	45,55,865/-	0	3,66,09,523/-

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	1,76,72,202/-
തൻവർഷം നിക്ഷേപിച്ച തുക	19,384/-
തന്നാണ്ടിന് പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1,76,91,586/-

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഒടുക്കിയ 19,52,734/- രൂപയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക(രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ	തീയ്യതി

2016-17	2-5	1936254/-	ജില്ല ജഡ്ജി, കൊല്ലം	1220000177	14/7/2022
2020-21	3-1	9829/-	മുഹമ്മദ് ഷരീഫ്	1220102788	12/10/22
2020-21	3-1	3651/-	സജീവൻ	1220102810	13/10/22
2020-21	3-4	3000/-	രമണൻ	1220103587	4/11/22

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
പ്രവർത്തനാവലോകന റിപ്പോർട്ട്	-	2014-15	4-1-10	2003-04 ൽ 3,36,439/-രൂപ ചെലവഴിച്ചു നിർമ്മിച്ച പകൽവീട്, 04-05 ൽ 1,19,740/-രൂപ വിനിയോഗിച്ചു നിർമ്മിച്ച വൃദ്ധസദനം എന്നിവ ബഡ്സ് സ്കൂളുകളാക്കി മാറ്റിയിരിക്കുന്നു.	പരാമർശം നിലനിൽക്കുന്നു.
2015-16	2-5	2016-17	അനുബന്ധം 5	തൊഴിൽ നികുതി ഈടാക്കുന്നത്	പരാമർശം നിലനിൽക്കുന്നു.

				സംബന്ധിച്ച്	
2019-20	1-20	2020-21		പ്രമേഹ രോഗികൾക്ക് ആവശ്യമായ മരുന്ന് വിതരണം	പരാമർശം നിലനിൽക്കുന്നു.

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പന്മന ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ബി) ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
1-14	2,00000/-	ഡോ.ജിഷ, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-15	5,27,086/-	ഡോ.രശ്മി.ടി.എൻ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
1-16	80,000/-	ശ്രീമതി.സ്വപ്ന കുമാരി, ഐ സി ഡി എസ് സൂപ്പർവൈസർ
1-22	15,106/-	ശ്രീ.പത്മകുമാർ, വി.ഇ.ഒ.
1-23	2,10,000/-	ശ്രീ.പത്മകുമാർ, വി.ഇ.ഒ.
1-25	9,99,640/-	ശ്രീ.അരുൺ.എം, അസിസ്റ്റന്റ് എഞ്ചിനീയർ
1-29	1,35,828/-	ശ്രീമതി.മേരിലത.ജെ., സെക്രട്ടറി
1-30	2,37,275/-	ഡോ.ജോൺ ലാലി, വെറ്ററിനറി സർജൻ
1-33	50,000/-	5,000/- ശ്രീമതി.മേരിലത.ജെ., സെക്രട്ടറി
		45,000/- ശ്രീ.സി.പി. വിൻസെന്റ്, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.മേരിലത.ജെ, സെക്രട്ടറി	വിരമിച്ചു	പൊൻപുലരി, പള്ളിശ്ശേരിക്കൽ, ശാസ്താംകോട്ട പി.ഒ
ശ്രീ.പത്മകുമാർ, വി.ഇ.ഒ.	വി.ഇ.ഒ., പന്മന ഗ്രാമപഞ്ചായത്ത്	ശ്രീഭവനം, കളരി, പന്മന
ഡോ. ജോൺ ലാലി, വെറ്ററിനറി സർജൻ	വെറ്റിനറി സർജൻ, വെറ്റിനറി ഹോസ്പിറ്റൽ, പന്മന	മെയ് ഫ്ലവർ, കൊല്ലക പി.ഒ. പന്മന.
ഡോ.ജിഷ, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, പന്മന	നിഷ മന്ദിരം, കരിംയമ്പാടി പി.ഒ, വയനാട്
ഡോ.രശ്മി.ടി.എൻ, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി പന്മന	ടി.സി.15/356, എടപ്പഴഞ്ഞി, ശാസ്തമംഗലം- 695010 കൊട്ടാരക്കര
ശ്രീമതി.സ്വപ്ന കുമാരി, ഐ സി ഡി എസ് സൂപ്പർവൈസർ	ഐ സി ഡി എസ് സൂപ്പർവൈസർ, പന്മന ഗ്രാമപഞ്ചായത്ത്	കൃഷ്ണരാമം, മേക്കാട്, ചവറ പി.ഒ, കൊല്ലം

ശ്രീ.സി.പി.വിൻസെന്റ്, സെക്രട്ടറി	സെക്രട്ടറി, പന്മന ഗ്രാമപഞ്ചായത്ത്	ചെങ്ങഴവേലിൽ, ചെറുകോൽ പി.ഒ, മാവേലിക്കര, ചെന്നിത്തല, ആലപ്പുഴ
ശ്രീ.അരുൺ.എം, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ	ജാനകി മന്ദിരം, ഇളവൂർ, പള്ളിമൺ പി ഒ, കൊല്ലം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	കെ.എസ്.എ.കെ.എൽ.എം./പി2-367/18/10.4.18	26
1998-99	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	10
1999-00	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	9
2000-01	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	2
2001-02	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	8
2002-03	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	4
2003-04	കെ.എസ്.എ.കെ.എൽ.എം./പി2-367/18/10.4.18	2
2004-05	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	5
2005-06	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	10
2006-07	കെ.എസ്.എ.കെ.എൽ.എം./പി2-778(1)/2019/ 07-06-19	9
2007-08	കെ.എസ്.എ.കെ.എൽ.എം./പി2-778(2)/2019/ 07-06-19	11

2008-09	കെ.എസ്.എ.കെ.എൽ.എം. /പി2-778(3)/2019/ 07-06-19	2
2009-10 & 2010-11	കെ.എസ്.എ.കെ.എൽ.എം./പി2-778 (4)/2019/ 07-06-19	9
2011-12	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2011-12/ 369/22/ 20.08.22	3
2012-13	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2012-13/ 369/22/ 20.08.22	10
2013-14 & 2014-15	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2013-14, 2014-15/369/22/ 20.08.22	6
2015-2016	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2015-16/ 369/22/ 20.08.22	3
2016-2017	കെ.എസ്.എ.കെ.എൽ.എം./പി2-1525/19/11.12.2019	12
2017-18	കെ.എസ്.എ.കെ.എൽ.എം./പി2-878/19/ 24.01.18	15
2018-19	കെ.എസ്.എ.കെ.എൽ.എം./പി2-1397/19/ 11.06.2020	12
2019-20	കെ.എസ്.എ.കെ.എൽ.എം./പി2-450/2020-21 (1)/ 30.08.22	15
2020-21	കെ.എസ്.എ.കെ.എൽ.എം./പി2-1323/2022/ 27.07.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ.കെ.എൽ.എം./പി2-2273/2022/ 29.03.2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 20-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Panmana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panmana Grama Panchayat for the year 2022-2023

Date: 08/09/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Panmana Grama Panchayat for the Year 2022-2023.

1.Major Observations

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit

Comments relating to Ratios
2.Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. An amount of Rs 2567987 not paid from treasury has not been omitted from web saankhya ACR

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്